9 -ാം വർഷം


2026

മാർച്ച് 29, 2026

ഓശാന ഞായർ



# *Laity Reflect on*
# Syro-Malabar Sunday Mass
# SCRIPTURE READINGS



# ജറുസലേമിലേക്കല്ല, ഹൃദയത്തിലേക്ക് ഈ വരവേൽപ്പ്

പുറപ്പാട് 15:1-3, 11-15,20-21, ഏശയ്യ 62:10-12+ 63:1-4
ഗലാത്തി 4:12-20, ലൂക്കാ 19:28-40

**ദൈവമേ,** നീ ഞങ്ങളെ നിനക്കായി സൃഷ്ടിച്ചു; നിന്നിൽ വിശ്രാന്തി കണ്ടെത്തുന്നതുവരെ, ഞങ്ങളുടെ ഹൃദയം അസ്വസ്ഥമായിരിക്കും. വിശുദ്ധ അഗസ്തിനോസിന്റെ കൺഫെഷൻസ് ആദ്യ പുസ്തകത്തിന്റെ പ്രാരംഭവാക്യം മനുഷ്യനു ദൈവത്തോട് ഉണ്ടായിരിക്കേണ്ട ബന്ധത്തിന്റെ പ്രഘോഷണമാണ്. തേടിവന്ന ദൈവത്തിൽ ലയിച്ചുചേരാനുള്ള മനുഷ്യന്റെ ആഴമുള്ള ദാഹത്തിന്റെ ജ്വലനമാണ് ഇവിടെ നിർവചിക്കപ്പെട്ടിരിക്കുന്നത്.

ഇന്ന്, ഈ ഓശാന ഞായറിൽ നാം വിചിന്തനം ചെയ്യുന്ന വിശുദ്ധ ലൂക്കായുടെ സുവിശേഷ (19:2845) വാക്യങ്ങൾ ഈ ചിന്തയ്ക്ക് അടിവരയിടുന്നു.

## വാടുന്ന തളിരോലകൾ

ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനം വിശുദ്ധ ലൂക്കാ പ്രതിപാദിക്കുന്നിടത്ത് ഓശാന വിളികളെക്കുറിച്ച് പരാമർശിച്ചിട്ടില്ല. എങ്കിലും ഈ സുവിശേഷഭാഗത്തിന്റെയും ഈ ദിനത്തിന്റെയും അന്തർധാര, 'ഇപ്പോൾ രക്ഷിക്കേണമേ' എന്ന ജനക്കൂട്ടത്തിന്റെ ഹൃദയമൊഴി തന്നെയാണ്. ക്രിസ്തുവിനെ നഗരത്തിലേക്ക് ആവേശപൂർവ്വം വരവേറ്റതിന്റെ ഓർമ്മയിൽ നാമിവിടെയായിരിക്കുമ്പോൾ ക്രീറ്റിലെ വിശുദ്ധ ആൻഡ്രൂ നമ്മെ അനുസ്മരിപ്പിക്കുന്ന മനോഹരമായൊരു ഓശാന ധ്യാനചിന്തയുണ്ട്: 'കുരുത്തോലകളല്ല, കൊണ്ടുവരേണ്ടത്, അവ വാടിപ്പോകും, നിങ്ങളുടെ ആത്മാവിനെത്തന്നെ ക്രിസ്തുവിന്റെ കാലടിയിൽ വിരിക്കുക.' നാം കൈകളിലേന്തിയിരിക്കുന്ന തളിരോലകൾക്കല്ല, ആത്മാവിന്റെ സമർപ്പണത്തിനാണ് ഈ ഓശാന ഞായറാഴ്ച നാം മൂല്യം കൊടുക്കേണ്ടത്. ശബ്ദഘോഷങ്ങളോ, മധുര സംഗീത വീചികളോ അല്ല ആത്മാവിൽ അവനെ ഉൾക്കൊള്ളുകയാണ് പ്രധാനം. അപ്പോൾ യേശുവിന് അർപ്പിതമായ ആത്മാവ് എന്ന നിലയിൽ, നാം അവിടുത്തെ ആലയങ്ങളായി മാറുന്നു.

## അശ്വാരൂഢനെ കാത്തിരുന്നവർ

അവർ അവന്റെ വരവിനെയും രാജ്യത്തെയും എത്രകാലമായി കാത്തിരിക്കുകയായിരുന്നു. ശക്തിയും പ്രതാപവും ധരിച്ച് വിമോചകനായെത്തുന്ന സാമ്രാട്ടിനെയാണ് അവർ പ്രതീക്ഷിച്ചത്. അശ്വാരൂഢനായി വരുന്ന നായകനെ സ്വപ്നം കണ്ടവർക്കു മുന്നിൽ ഒരു കഴുതക്കുട്ടിയുടെ പുറത്തേറി അവൻ വന്നു.

സകലത്തിന്റെയും സ്രഷ്ടാവായവൻ മനുഷ്യനെ ഉയർത്താൻ സ്വയം താഴ്ത്തി പ്രതിഷ്ഠിക്കുന്നു. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച മിശിഹായെ (ഫിലിപ്പി 2:7) വിശുദ്ധ പൗലോസ് നമുക്ക് കാട്ടിത്തരുന്നുണ്ട്. സ്വയം ശൂന്യമാക്കിയവനായാണ് അവൻ നമ്മുടെയിടയിലേക്ക് കടന്നുവന്നത്. സ്വർഗം വിട്ടിറങ്ങി, ഭൗമിക അധികാരങ്ങളെ തിരസ്കരിച്ച് വന്നവൻ ദൈവരാജ്യത്തെ നിങ്ങളുടെയും എന്റെയും ഹൃദയത്തിൽ സ്ഥാപിക്കാനാണ് വാതിലിൽ മുട്ടുന്നത്.

സൈന്യനിരയെക്കൊണ്ട് പിടിച്ചെടുക്കുന്ന ആധിപത്യങ്ങൾ കണ്ട് ശീലിച്ച ലോകത്തിന് ക്രിസ്തു മനസിലാക്കാൻ കഴിയാത്തവൻ തന്നെയാണ്. ഭൂമിക്ക് സഹജമായ അധികാരത്തിന്റെ വ്യാകരണത്തെ തകിടം മറിച്ചവൻ വിനയത്തിന്റെ അടിത്തറയിൽ പണിതീർക്കുന്ന ദൈവരാജ്യത്തിലേക്കാണ് നമ്മെ ക്ഷണിച്ചത്.

## വരവേറ്റവരുടെ തെറ്റിദ്ധാരണ

പാരതന്ത്ര്യത്തിൽ നിന്ന് മോചിപ്പിച്ച് ഇസ്രായേലിന്റെ ആത്മാഭിമാനം വീണ്ടെടുക്കുന്നവനെ സ്വാഗതം ചെയ്യാനുള്ള ദാഹമായിരുന്നു ഓരോ യഹൂദന്റെയും കാത്തിരിപ്പിന്റെ കാതൽ. ശക്തനും ധീരനും ദിഗ്വിജയിയുമായ ഒരുവൻ തങ്ങളുടെ ശത്രുക്കളെ തോൽപ്പിക്കുമെന്നും, അക്കാലമത്രയും അവർ അനുഭവിച്ച അപമാനത്തിന് അന്ത്യം കുറിക്കുമെന്നും തന്നെ അവർ ആഗ്രഹിച്ചു, പ്രതീക്ഷിച്ചു, അവരുടെ ശരി അതു തന്നെയായിരുന്നു. വിമോചനം ആഗ്രഹിക്കുന്ന, അനീതിയിൽ നിന്ന് വിമുക്തരാവാൻ ആഗ്രഹിക്കുന്ന എല്ലാ മനുഷ്യന്റെയും ഇച്ഛ അതു തന്നെയായിരിക്കും. അതിനെ കുറ്റം വിധിക്കാനാവില്ല. എന്നാൽ ക്രിസ്തു അവരോടും നമ്മോടും പറയുന്നത്, ഭൗതികമായ സാഹചര്യം മാറ്റാമെന്നല്ല, നിങ്ങളെ ഞാൻ മാറ്റാം എന്നുതന്നെയാണ്. ഹൃദയത്തെ പരിവർത്തനം ചെയ്ത് ദൈവരാജ്യത്തിന് അനുരൂപരാകാനാണ് അവിടുത്തെ ക്ഷണം.

നമ്മെ ഞെരുക്കുന്ന സാഹചര്യങ്ങളിൽ നിന്ന് രക്ഷപ്പെടണമെന്നാണ് നമ്മുടെ



**ജോമോൻ എം മങ്കുഴിക്കരി**

ആഗ്രഹം, നമ്മുടെ ഓശാന വിളികളിൽ ഈ പ്രാർത്ഥനയുണ്ട്. എന്നാൽ ക്രിസ്തു ആവശ്യപ്പെടുന്ന പരിവർത്തനത്തിനു നാം സന്നദ്ധരോ എന്നതാണ് ഓശാന ഞായറിലെ മറു ചോദ്യം.

## ഓശാനയിൽ നിന്ന് ക്രൂശിലേക്ക്

ഈ ഞായറാഴ്ച കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതൻ എന്ന് വിളിച്ച്, ആവേശോജ്ജ്വലമായി സ്വാഗതം ചെയ്തവരെ നാം കണ്ടു വല്ലോ? സൂക്ഷിച്ചുനോക്കിക്കോളൂ. അഞ്ചു ദിവസത്തിനപ്പുറം 'അവനെ ക്രൂശിക്കുക' എന്ന ആൾക്കൂട്ട മുറവിളിയുടെ മുഴക്കം അവരുടെ കണ്ഠങ്ങളിൽ നിന്നായിരിക്കും. തങ്ങൾ പ്രതീക്ഷിച്ചവൻ അവനല്ല, എന്ന് ധരിപ്പിക്കപ്പെട്ടവരായി അതിനുള്ളിൽ അവർ മാറിക്കഴിഞ്ഞു.

നമ്മുടെ ആത്മീയ ജീവിതത്തിന്റെ ഒരു മുൻ കാഴ്ചതന്നെയല്ലേ ജറുസേലമിലും പീലാത്തോസിന്റെ അരമനയിലും അരങ്ങേറിയത്.

ഉരുക്കഴിക്കപ്പെടുന്ന പ്രാർത്ഥനകൾക്കു മധ്യേ, ഹൃദയത്തിൽ ഓശാനയുടെ നിറവാണ്. പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുമ്പോൾ കരേറ്റപ്പെടുന്ന സ്തുതി സ്തോത്രങ്ങൾ. ദൈവത്തിന്റെ ഇടപെടലിനായി കാത്തിരിക്കേണ്ടി വരുമ്പോൾ ചോദ്യം ഉയരുന്നു; എവിടെയാണു നീ?

ക്രിസ്തുവിനെ തേടുന്നത് നമുക്ക് നിബന്ധനകളോടെയുള്ള കരാറായി മാറുന്നുണ്ടോ എന്ന് ഈ ഓശാന ഞായറാഴ്ച നമ്മോടു ചോദിക്കുന്നു. പീഡാനുഭവത്തിന് ദിവസങ്ങൾക്കിപ്പുറം കുരിശിൽ വിടർന്ന അവന്റെ കരങ്ങളിലേക്ക് നോക്കൂ. വ്യവസ്ഥകളില്ലാത്ത സ്നേഹം രക്തച്ചാലൊഴുക്കി നമ്മുടെ ഹൃദയത്തെ അവനോടു ചേർക്കുന്നു.

## ജറുസലേം; ആത്മാവിന്റെ ആന്തരീക നഗരം

ക്രിസ്തുവിനെ നാം വരവേൽക്കേണ്ടത് നമ്മുടെ നഗരത്തിലേക്കല്ല, ഹൃദയത്തിലേക്കു തന്നെയല്ലേ? ജറുസേലം മനുഷ്യ ഹൃദയത്തിനുള്ളിലാണ് എന്ന് മധ്യകാല മിസ്റ്റിക്കുകൾ ഉദ്ഘോഷിക്കുന്നു. ആവിലായിയിലെ വിശുദ്ധ അമ്മ ത്രേസ്യാ പറയുന്നു; ആത്മാവ് 'പല മുറികളുള്ള ഒരു കോട്ട പോലെയാണ്,' ആ കോട്ടയുടെ മധ്യത്തിലേക്ക് യേശുവിനെ ക്ഷണിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ?

ആനന്ദവും പ്രസരിപ്പും തുടിച്ചുനിൽക്കുന്ന ഈ ഓശാന ദിനത്തിൽ ഈ ദേവാലയ കവാടം, വെളിച്ചത്തിന്റെ രാജാവിനു വേണ്ടി തുറക്കുന്നതുപോലെ, നമ്മുടെ തുറന്ന ഹൃദയങ്ങൾ അവൻ തേടുന്നുണ്ട്.

'ഓശാന' ഒരു നിമിഷത്തെ ആവേശമല്ല, ജീവിതദിശ മാറ്റുന്ന തീരുമാനം തന്നെയാണ്. ഉള്ളിലേക്ക് നോക്കി, ആത്മാവിനെ തേടുമ്പോൾ നമ്മോടു നാം ചോദിക്കുന്ന ചില ചോദ്യങ്ങളുമുണ്ട്.

നിബന്ധനകളോടെ ഓശാന വിളിക്കുന്ന ജനക്കൂട്ടത്തിലൊരാളാണോ ഞാൻ? അറിവു നേടിയിട്ടും മനസ് മാറ്റാത്ത അസഹിഷ്ണുവായ ഫരിസേയനോ? അല്ലെങ്കിൽ മൗനം പാലിക്കാതെ ഹൃദയവാതിൽ തുറന്ന് അവനെ സമാശ്ലേഷിക്കുന്നവനോ?

വിനയത്തിന്റെ രാജാവ് നമ്മുടെ ആശയക്കുഴപ്പത്തിലേക്കും സങ്കീർണ്ണതകളിലേക്കും കടന്നുവരട്ടെ; നമ്മുടെ നിസഹായവും സന്ദേഹഭരിതവുമായ നിശബ്ദതയിൽ വസിക്കട്ടെ. കുരുത്തോലകൾ വാടിയാലും നിത്യനൂതനമായ അവന്റെ ഹൃദയത്തോടു ചേർന്ന് രക്ഷയും സമാശ്വാസവും സമാർജിക്കട്ടെ, കാരണം ഓശാന ഇനി നമ്മുടെ ജീവിതം തന്നെയാണ്.



▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com